## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4712** **27.6.2014-ൽ മറുപടിക്ക്**

**നഗരങ്ങളിലെ മാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | നഗരങ്ങളിലെ വഴിയോരങ്ങളിൽ മാംസാവ ശിഷ്ടങ്ങളും മറ്റും രാത്രികാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ പരിസര മലി നീകരണവും പകർച്ച വ്യാധികളും ഉണ്ടാകാൻ സാധ്യതയുള്ള കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പ്രവണത തടയുന്നതിന് സ്വീക രിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദ മാക്കുമോ ; | ബി) | കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് 340 വകുപ്പ് പ്രകാരം പൊതുസ്ഥലത്ത് മാലിന്യങ്ങളും അവശിഷ്ടങ്ങളും ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതും, അത് ലംഘിക്കുന്നവർക്കെതിരെ പിഴശിക്ഷയോ, പ്രോസിക്യൂഷനോ സ്വീകരിക്കുവാൻ വ്യവസ്ഥകളുള്ളതുമാണ്. അതനുസരിച്ച് ബന്ധപ്പെട്ട നഗരസഭകളാണ് നടപടികളെടുക്കേണ്ടത്. |
| സി) | വഴിവക്കിൽ ജൈവാവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ എത്രപേർക്കെതിരെ നടപടി കൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ഡി) | ഇത്തരം മാലിന്യങ്ങൾ സ്വീകരിച്ച് സംസ്ക്കരിക്കാനുള്ള കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | ഇതിനു വേണ്ട പ്ലാന്റുകൾ സ്ഥാപിക്കാൻ നഗരസഭകൾ സ്ഥലം കണ്ടെത്തി പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ